(സി) ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിൽ ഭിന്നശേഷിക്കാരടക്കമുള്ള വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യ മാകുന്ന തരത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുത്ത് പരമാവധി വിനോദസഞ്ചാര കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ റാമ്പുകൾ, വീൽചെയർ സൗകര്യങ്ങൾ, നടപ്പാതകൾ, വിശ്രമ മുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവയെല്ലാം സാധ്യതയനുസരിച്ച് ഓരോ കേന്ദ്രത്തിലും ഏർപ്പെടുത്തു ന്നതിനുള്ള പദ്ധതിക്ക് ലക്ഷ്യമിടുന്നു.

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

181 (5908) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) നിലവിൽ എത്ര ടൂറിസം കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്; വിവരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ-അന്തർദേശീയ അംഗീകാരങ്ങൾ ഉൾപ്പെടെ 10 പുരസ്കാരങ്ങൾ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ 7 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കി വരുന്നു. കുമരകം, തേക്കടി, കോവളം, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. ഇതിനു പുറമേ ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയിൽ ഉൾപ്പെടെ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും "ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം" പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 7 കേന്ദ്രങ്ങളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

## അതിരപ്പിള്ളി ടൂറിസം മേഖലയിൽ സൗകര്യങ്ങൾ

182 (5909) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ടൂറിസം മേഖലയിൽ ടൂറിസ്റ്റുകൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ടൂറിസ്റ്റുകൾക്ക് അടിസ്ഥാനസൗകര്യങ്ങളായ ടോയ്‌ലറ്റ്, പാർക്കിംഗ് തുടങ്ങിയവ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) അതിരപ്പിള്ളി ടൂറിസം മേഖലയിൽ ഉൾപ്പെട്ട തുമ്പൂർമുഴിയിൽ ടൂറിസ്റ്റുകൾക്കായി എന്തെല്ലാം സൗകര്യങ്ങളും വികസന പ്രവർത്തനങ്ങളുമാണ് നടത്തുക എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) അതിരപ്പിള്ളി ടൂറിസ്റ്റുകൾക്കായി ഒരു യാത്രി നിവാസ് നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതിയായിട്ടുണ്ട്. ഇക്കോ ഷോപ്പുകൾ ഹെൽപ്പ് ഡെസ്ക്, ഭക്ഷണശാല, കോൺഫറൻസ് ഹാൾ എന്നിവയടക്കമുള്ള സൗകര്യങ്ങൾ ഇതോടനുബന്ധിച്ച് ഉൾപ്പെടുത്തുന്നതാണ്. ഇതിനു പുറമെ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, പാർക്കിംഗ്, പബ്ലിക്ക് പാർക്ക്, വ്യൂ പോയിന്റ് എന്നീ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly